# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം15/2578/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം15/2578/2022 തീയ്യതി: 04/01/2023

## മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-12-2021 മുതൽ 21-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. ദിനേശൻ എം, ഓഡിറ്റ് ഓഫീസർ
2) ശ്രീ. മുഹമ്മദ് സിയാദ് പി.പി, അസി.ഓഡിറ്റ് ഓഫീസർ.
3) ശ്രീ. ആലസ്സൻകുട്ടി യു,സീ.ഗ്രേഡ് ഓഡിറ്റർ
4) ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ലിബസ് മൊയ്തീൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രഭാകരൻ പരി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ടിജി ആന്റണി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷംസീർ മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2021 | 08-11-2021 |
| ശ്രീമതി. റിഷ്ല | കൃഷി ഓഫീസർ | 09-11-2021 | 04-02-2022 |
| ശ്രീ. സമീർ മുഹമ്മദ് | കൃഷി ഓഫീസർ | 05-02-2022 | 31-03-2022 |
| ശ്രീമതി. അസ്മിനിത | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. നസീറ കെ.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. നഫ്ല പി.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. ബീന പരോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീജേഷ് കെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഇന്ദിര സി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽകുമാർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-12 |
| 13 | കൃഷി ഓഫീസറുടെ കളക്ഷൻ തുക കുറവായി അടവാക്കി | 1-13 |
| 14 | ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല. | 1-14 |
| 15 | ലൈഫ് ഭവന പദ്ധതി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 16 | ഐ എൽ ജി എം എസിന് അടിസ്ഥാന സൗകര്യമൊരുക്കൽ:അപാകതകൾ | 1-16 |
| 17 | ലാപ് ടോപ് ലഭ്യമായിട്ടില്ല | 1-17 |
| 18 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല | 1-18 |
| 19 | പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-19 |
| 20 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയില്ല | 1-20 |
| 21 | മരുന്ന് ലഭ്യമാക്കിയില്ല(പി എച്ച് സി) | 1-21 |
| 22 | കിഡ്നി രോഗികൾക്ക് സാമ്പത്തിക സഹായം -തുക വിനിയോഗിച്ചില്ല. | 1-22 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-23 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-24 |
| 25 | മൃഗാശുപത്രിയിലേക്ക് മരുന്ന വാങ്ങൽ:അപാകതകൾ | 1-25 |
| 26 | ആസ്തി പരിപാലനം:രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 27 | എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി നിർവ്വഹണം - പുരോഗതി കൈവരിക്കുന്നതിൽ വീഴ്ച | 1-27 |

| | | |
|---|---|---|
| 28 | ഇ ടെണ്ടർ - ടെണ്ടർ ഫീ ഇനത്തൽ ലഭിക്കാനുള്ള 135706 രൂപ ലഭ്യമായിട്ടില്ല. | 1-28 |
| 29 | അളവെടുത്തതിലെ ന്യൂനതകൾ മൂലം അധികച്ചെലവുണ്ടായി- ടോയ്‌ലറ്റ് ഉപയോഗിച്ചിട്ടില്ല. | 1-29 |
| 30 | ദേശീയ പാതക്ക് സ്ഥലം വിട്ടു കൊടുത്തത് - ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/22.02.2021 | പുതുക്കിയിട്ടില്ല |

### 1-1(1) ബജറ്റ് - രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകതകളും .

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ ബജറ്റ് രൂപീകരണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

A) ബജറ്റ് രൂപീകരണം – രേഖകൾ ഹാജരാക്കിയില്ല.

1. മെഡിക്കൽ ഓഫീസർ ആയുർവ്വേദം, പി.എച്ച്.സി, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഹെഡ് മാസ്റ്റർ എന്നിവർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസലുകൾ മാത്രമാണ് ഹാജരാക്കിയത്. മറ്റ് സ്ഥാപന തലവൻമാർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസലുകൾ ഹാജരാക്കിയിട്ടില്ല.

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത് ഹാജരാക്കിയിട്ടില്ല.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2 ഹാജരാക്കിയിട്ടില്ല.

4.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

B) ബജറ്റ് നടപടിക്രമങ്ങളും ബജറ്റ് മാന്വൽ പ്രകാരമുള്ള സമയക്രമവും പാലിച്ചില്ല

1. ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുൻപായി വിളിച്ച് ചേർക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

2. വിവിധ സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ ജനവരി 15ന് മുൻപായി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ നിർദ്ദേശങ്ങൾ സമർപ്പിച്ച സ്ഥാപന മേധാവികൾ ആയത് സമർപ്പിച്ചത് ജനവരി 19, 25 തിയതികളിലാണ്.

3. സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ജനവരി 22ന് മുൻപായി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ ആയത് പാലിച്ചിട്ടില്ല.

4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1ന് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/2021-22/28.10.2022ന് ലഭ്യമാക്കിയ മറുപടിയിൽ ബജറ്റ് രൂപീകരണത്തിലെ വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതാണ് എന്നും തുടർന്ന് നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് ബജറ്റ് നടത്തുന്നതാണെന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 29.07.2022 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28810915 |
| വരവ് | 62773303 |
| ആകെ | 91584218 |
| ചെലവ് | 55283815 |
| നീക്കിയിരിപ്പ് | 36300403 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14281763 | 14281763 | 14262158 | 19605 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1468000 | 1468000 | 1397576 | 70424 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4750000 | 4750000 | 2830787 | 1919213 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5035645 | 5035645 | 3333688 | 1701957 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 8973000 | 8973000 | 3178689 | 5794311 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 3723268 | 3723268 | 2850326 | 872942 |
| ബി ഫണ്ട് | 0 | 44696100 | 44696100 | 44696100 | 0 |

CSS, SSS എന്നീ ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത്ത പ്രകാരം ചെലവും നെഗറ്റീവ് നീക്കിയിരിപ്പും രേഖപ്പെടുത്തിക്കാണുന്നു.

| ഗ്രാന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| CSS | 2786278 | -2786278 |
| SSS | 793396 | -793396 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 70504185 | 115 | 35988612 | 9 | 31 | 74.19% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 165125 | 329499 | 494624 | 489617 | 5007 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9656110 | 9656110 | 9656110 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 772400 | 540 |
| വിധവാപെൻഷൻ | 12669600 | 8020 |
| വാർദ്ധക്യകാലപെൻഷൻ | 26127400 | 17284 |
| വികലാംഗപെൻഷൻ | 4885100 | 3113 |
| വിവാഹ ധനസഹായം | 120000 | 4 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 121600 | 81 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2022 ന് 12.02 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1988/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.
പഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകളിൽ പോലും ആയത് അടങ്കലിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2022 | 07/2022 – 09/2022 | 19.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.07.2008 മുതൽ 02.08.2008 വരെ | ഒക്ടോബർ 2000 മുതൽ 2007-08 വരെ | 28.08.2008 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 4214996 | 4214996 | 4111316 | 4124720 | 40329 | 40644 |
| കുടിശ്ശിക | 0 | 11058 | 11064 | 11064 | 0 | |

2) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 1070031 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 81577 രൂപയും നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B17 പ്രകാരം ഈ

ഉദ്ദേശത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ 1046599/- രൂപയാണ് നീക്കിയിരിപ്പ്. വ്യത്യാസം വിശദീകരിക്കേണ്ടതും തൻവർഷം ഈയിനത്തിൽ നീക്കിയിരിപ്പില്ലാത്തതിനാൽ മേൽ നീക്കിയിരിപ്പ് ഏതൊക്കെ വർഷങ്ങളിലെ നീക്കിയിരിപ്പാണെന്ന് വ്യക്തമാക്കേണ്ടതുമാണ്.

4) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ഐ.സി.ഡി.എസ്. തുക തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

5) B4 ഷെഡ്യൂളിലെ എല്ലാ തുകകളും B17ൽ ഉൾപ്പെടുന്നതാണ്. B4 ഷെഡ്യൂൾ പ്രകാരം TSC ഇനത്തിലെ നീക്കിയിരിപ്പ് 82350 രൂപയാണ്. എന്നാൽ B17 പ്രകാരം ഈയിനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ 1867 രൂപയാണ് നീക്കിയിരിപ്പ്.

6) വികസന ഫണ്ട് ജനറൽ തുക വാർഷിക കണക്ക്, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ -187237 രൂപയാണ് നീക്കിയിപ്പ്.

| വാർഷിക കണക്ക് | എ.സി.ആർ. | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് |
|---|---|---|
| 13739000 | 14262158 | 14469000 |

7) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
8). കേരള പഞ്ചായത്ത് രാജ് (ഫണ്ടുകൾ നിക്ഷേപിക്കലും പിൻവലിക്കലും ) ചട്ടങ്ങൾ ചട്ടം (4) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ മിച്ച ഫണ്ട് ട്രഷറിയിലോ സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ മിച്ച ഫണ്ട് 266843/-രൂപ എസ്.ബി.ഫണ്ടിലാണ് നിക്ഷേപിച്ചത്. ആയത് സഹകരണ ബാങ്കിലേക്കോ ട്രഷറിയിലേക്കോ മാറ്റേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.3/2021-22/25.10.2022ന് ലഭ്യമാക്കിയ മറുപടി പ്രകാരം, അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതാണെന്ന് അറിയിച്ചു. രജിസ്റ്ററുകളും സ്റ്റേറ്റ്മെന്റുകളും യഥാസമയം തന്നെ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. തുടർനടപടി സ്വീകരിച്ച് അവശേഷിക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീ. അബ്ദുള്ള പി.ടി , എന്നവർക്ക് ഹൈപ്പർ/സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നമ്പർ , തരം | കെട്ടിട ഉടമ |
|---|---|---|---|---|
| E1-/2021-22-162 Dtd.12.08.2021 | ഹൈപ്പർ/സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | മദീന ഹൈപ്പർ മാർക്കറ്റ് കറുകത്താണി | 8/445 A മുതൽ N വരെ.<br>വാണിജ്യ കെട്ടിടം | ശ്രീ. ഖാലിദ് ചോലയിൽ |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

8/445 A മുതൽ N വരെ കെട്ടിട നമ്പറുകളിലായി ആകെ 383.7 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന്, 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ- മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 60 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ്

മേൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 90 രൂപ നിരക്കിൽ നികുതി നിർണ്ണച്ച ശേഷമായിരുന്ന സൂപ്പർ/ ഹൈപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 383.7x(90-60)=11511+(20% വഴി വർദ്ധന)-(10% മേഖല ഇളവ്)=12662.1/- രൂപ നികുതി കുറവും സംഭവിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/2021-22/28.10.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും നഷ്ട തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-13 കൃഷി ഓഫീസറുടെ കളക്ഷൻ തുക കുറവായി അടവാക്കി

കൃഷി ഓഫീസർ 23.10.2021ന് ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റി ഉപയോഗിച്ച രസീത് ബുക്ക് നം. 8117 ലെ രസീത് നം 1 മുതൽ 50 വരെയായി 09.11.2021ലെ കളക്ഷൻ 30420/- രൂപയാണ്. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ ആകെ കളക്ഷൻ 30000/- രേഖപ്പെടുത്തി 10.11.2021ലെ 12130101628 നമ്പർ രസീത് പ്രകാരം മേൽ 30000രൂപ മാത്രമാണ് ഗുണഭോക്ത വിഹിതം ഇനത്തിൽ പഞ്ചായത്തിൽ അടവാക്കിക്കാണുന്നത്. 420/- രൂപ കുറവുള്ളതായി കാണുന്നു.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 08/2021-22/28.10.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക അടവാക്കി അറിയിക്കേണ്ടതും അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസ നിധി രൂപീകരിച്ചതായോ അക്കൗണ്ട് തുടങ്ങുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 05/2021-22/28.10.2022ന് ലഭ്യമാക്കിയ മറുപടിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന പദ്ധതി പദ്ധതി നടത്തിപ്പിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി പ്രകാരം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് | ബിൽ നമ്പർ | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|
| ലൈഫ് ഭവന പദ്ധതി 116/22 | 1/22/15.9.21 | 1073735 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി 1 14/22 | 2/22/15.9.21 | 40000 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി 1 14/22 | 7/22/23.11.21 | 40000 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി 114/22 | 8/22/20.11.21 | 200000 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി 114/22 | 9/22/23.11.22 | 120000 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി 114/22 | 12/22/4.1.22 | 160000 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി (Sc)73/22 | 13/22/4.1.22 | 160000 | വികസന ഫണ്ട് SCP |
| ലൈഫ് ഭവന പദ്ധതി (Sc)115/22 | 15/22/17.1.22 | 160000 | വികസന ഫണ്ട് SCP |
| ലൈഫ് ഭവന പദ്ധതി 89/22 | 16/22/24.1.22 | 200000 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി 114/22 | 17/22/3.2.22 | 41800 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി (Sc)73/22 | 18/22/3.2.22 | 13600 | വികസന ഫണ്ട് SCP |

| | | | |
|---|---|---|---|
| ലൈഫ് ഭവന പദ്ധതി (Sc)115/22 | 19/22/7.2.22 | 143685 | വികസന ഫണ്ട് SCP |
| ലൈഫ് ഭവന പദ്ധതി 89/22 | 21/22/8.2.22 | 950865 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി 89/22 | 24/22/ 16.3.22 | 800000 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി 89/22 | 25/22/16.3.22 | 200000 | വികസന ഫണ്ട് |
| ലൈഫ് ഭവന പദ്ധതി (Sc)115/22 | 467977/30.3.22 | 56315 | തനത് ഫണ്ട് |

ലൈഫ് രണ്ടാം ഘട്ടത്തിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റ് പ്രകാരം നിലവിൽ 31 ഗുണഭോക്താക്കൾ ആണ് ഉള്ളത് ഇവരിൽ യോഗ്യരായ സ്വന്തമായി ഭൂമിയുള്ള 14 ഗുണഭോക്താക്കൾ മാത്രമാണ് ഉള്ളത്.പ്രസ്തുത 14 ഗുണഭോക്താക്കളിൽ 14 ഗുണഭോക്താക്കൾ കരാർ വെച്ചിട്ടുണ്ട്. ഇവരിൽ 13 പേർ വീട്ടുനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.ഒരു ഗുണഭോക്താവ് മാത്രമാണ് വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തത്.ലൈഫുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവ് (കൈ) 34/2018/ ത.സ്വ.ഭ.വ 28.9.2016 ലൈഫ് മിഷൻ കരാർ പത്രിക ക്രമ നമ്പർ 4 പ്രകാരമുള്ള കരാർ ചമച്ച് 6 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്ന നിർദ്ദേശം പാലിക്കാൻ പല ഗുണഭോക്താക്കൾക്കും സാധിച്ചിട്ടില്ല.

2)സർക്കാർ ഉത്തരവ് (കൈ) 34/2018/ ത.സ്വ.ഭ.വ28.9.2016 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ അനുബന്ധം 4 ൽ സ്റ്റേജ് സർട്ടിഫിക്കറ്റ്, പരിശോധനാ റിപ്പോർട്ട് എന്നിവ തയ്യാറാക്കണമെന്ന നിർദേശിച്ചിരുന്നു എന്നാൽ ആയത് പാലിച്ചിട്ടില്ല. ആയതിനാൽ എപ്രകാരമാണ് തുക നൽകിയത് എന്ന് വ്യക്തമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.18/29.10.22 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു .ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഐ എൽ ജി എം എസിന് അടിസ്ഥാന സൗകര്യമൊരുക്കൽ:അപാകതകൾ

പദ്ധതി:ഐ എൽ ജി എം എസിന് അടിസ്ഥാന സൗകര്യമൊരുക്കൽ
നിർവഹണം: സെക്രട്ടറി
പ്രോജക്റ്റ് നമ്പർ : 199/21-22
ആകെ ചെലവ്:169707(തനതു ഫണ്ട്)
ചെക്ക് നം. ജെ.എൻ 4369729 തിയ്യതി 05.03.2022

മേൽ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങാനായി പ്രഫോർമ ഇൻവോയ്സ് പ്രകാരം കേരള സ്റ്റേറ്റ് ITമിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് തുക നല്കിയതിന്റെയും ഉപകരണങ്ങൾ ലഭ്യമായതിന്റെയും വിവരം താഴെ പറയുന്നു.

| ക്രമ നം. | ഇനം | തുക | ലഭ്യമായതിന്റെ വിവരം |
|---|---|---|---|
| 1. | ഹൈ സ്പീഡ് എ 3 സ്കാനർ-1 | 96949 | ടാക്സ് ഇൻവോയ്സ് നം. ITP/03154/22-23 നല്കിയ തുക: 96949 രൂപ |
| 2. | ഡെസ്ക് ടോപ് കമ്പ്യൂട്ടർ -1 | 59805 | ടാക്സ് ഇൻവോയ്സ് നം. ITP/03604/22-23<br>നല്കിയ തുക:50616 രൂപ |
| 3. | പ്രിന്റർ-1 | 12953 | ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| | ആകെ | 169707 | 147565 |

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1) ക്രമ നമ്പർ 2 പ്രകാരം 59805-50616=9189 രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് ക്രമീകരിച്ചിട്ടില്ല.

2).ക്രമ നം. 3. പ്രകാരമുള്ള പ്രിന്റർ ലഭ്യമായിട്ടില്ല .ഓഡിറ്റ് എൻക്വയറി നമ്പർ 4/27-10-2022 ന ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കാൻ കത്ത് നല്കിയതായും ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 ലാപ് ടോപ് ലഭ്യമായിട്ടില്ല

പ്രോജക്ട് :മൃഗാശുപത്രിയിലേക്ക് ലാപ് ടോപ്പും പ്രിന്ററും വാങ്ങൽ

പ്രോജക്ട് നമ്പർ. :176/22

നിർവ്വഹണം:വെറ്റിനറി സർജൻ

ചെലവ്: :79056 രൂപ(മെ.ഗ്രാ.:റോഡിതരം)

ബിൽനമ്പർ:01/27-10-2022

മേൽ പദ്ധതി പ്രകാരം CPRCS പോർട്ടൽ മുഖേന ലാപ് ടോപ്പും പ്രിന്ററും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ITമിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് 79,056 തുക നൽകിയിട്ടുണ്ട് .ആയതിൽ 19248 രൂപ വിലയുള്ള എ4 മൾട്ടി ഫങ്ഷൻ പ്രിന്റർ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ലാപ് ടോപ് നാളിതുവരെ ലഭ്യമായിട്ടില്ല. ലാപ് ടോപ് ലഭ്യമാക്കാൻ കത്ത് മുഖേനയും ഫോൺ വഴിയും ബന്ധപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലാപ് ടോപ് ലഭ്യമായിട്ടില്ല. ജി.ഒ(ആർ.ടി) നമ്പർ 486/2022/LSGD തിയതി.28.02.22 ഖണ്ഡിക 2 പ്രകാരം CPRCS മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ വാങ്ങാമെന്നും തുക ഉപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാനും അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/22-10-2022 ന ലഭ്യമാക്കിയ മറുപടിയിൽ ഡെപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പല തവണയായി കത്ത് നല്കിയിട്ടുണ്ടെന്നും ആയത് പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണെന്നും ലഭ്യമായാൽ ഉടൻ ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കുകയുണ്ടായി. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | ഗ്രാമപഞ്ചായത്ത് വിഹിതം (പ്ലാൻ) | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
|---|---|---|---|
| അടങ്കൽ | 1212250 | 300000 | 300000 |
| ചെലവ് | 1147800 | 300000 | - |

| ബിൽ നമ്പർ | ചെലവഴിച്ച തുക |
|---|---|
| 3/8.11.21 | 511500 |
| 5/24.12.21 | 408525 |
| 9/7.3.22 | 199275 |
| 10/18.03.22 | 28500 |
| 7/7.3.22 | 300000 |
| ആകെ | 1447800 |

21.4.21 ലെ സർക്കുലർ നമ്പർ ഡി.എ 1/401/2019 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സംയുക്ത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്ത്,ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നുള്ള വിഹിതം

ഉറപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ (45/22) ജില്ലാ പഞ്ചായത്ത് വിഹിതം വിനിയോഗിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.14/29.10.22 ന് നൽകിയ മറുപടിയിൽ ഫണ്ട് ലഭ്യമാവാത്തത് കാരണമാണ് തുക ചെലവഴിക്കാതിരുന്നത് എന്ന് അറിയിച്ചു .ഭാവിയിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഉറപ്പാക്കേണ്ടതാണ്.

## 1-19 പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം [34/22] എന്ന പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.TDS ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം കുളിർമ ന്യൂട്രിമിക്സ്,പരപ്പനങ്ങാടി,കൈരളി ന്യൂട്രിമിക്സ് വള്ളിക്കുന്ന് എന്നീ സ്ഥാപനങ്ങളിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ബില്ലുകളിൽ ജി.എസ്.ടി TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ബിൽ നമ്പർ/വൗച്ചർ നമ്പർ | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | ജി.എസ്.ടി ബാധകമായ തുക |
|---|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം [34/22] | 01/2021-22 തി. 26.09.2021 | കുളിർമ ന്യൂട്രിമിക്സ്, പരപ്പനങ്ങാടി, | 27/30.03.21 | 162540 |
| | | | | 3/30.4/21 | 131355 |
| | | | | 4/30.4/21 | 81250 |
| | | | | 12/25.5.21 | 114345 |
| | | | | 14/26.5.21 | 81250 |
| | | | | 20/29.06.21 | 268380 |
| | | | | 22/29.06.21 | 75400 |
| | | | | 27/29.07.21 | 238140 |
| | | | | 28/29.07.21 | 75400 |
| | | 22100378/5.10.21 | കുളിർമ ന്യൂട്രിമിക്സ്, പരപ്പനങ്ങാടി, | 35/31.08.21. | 173888 |
| | | | | 36/31.08.21 | 40950 |
| | | 22100464/2 7.11.22 | കുളിർമ ന്യൂട്രിമിക്സ്, പരപ്പനങ്ങാടി, | 43/30.09.21 | 173075 |
| | | | | 44/30.9.21 | 45500 |
| | | 4/1711.21 | കുളിർമ ന്യൂട്രിമിക്സ്, പരപ്പനങ്ങാടി, | 45/31.10.21 | 64350 |
| | | | | 50/31.10.21 | 157470 |
| | | 22100700/ 7.3.22 | കുളിർമ ന്യൂട്രിമിക്സ്, പരപ്പനങ്ങാടി, | 54/28.11.21 | 130200 |
| | | | | 59/29.11.21 | 52000 |
| | | | | 70/31.12.21 | 128520 |
| | | | | 71/31.12.21 | 40475 |
| | | | | 75/29.1.22 (Part) | 11691 |
| | | 22100820/31.3.22 | കുളിർമ ന്യൂട്രിമിക്സ്, പരപ്പനങ്ങാടി, | 74/29.1.22 | 143850 |
| | | | | 78/27.2.22 | 41903 |
| | | | | 100/27.2.22 | 142695 |
| | | | | 83/25.3.229 (Part) | 39982 |
| | | | | 84/25.3.22 | 45475 |
| | | | | 75/29.1.22(part) | 36641 |

| | | | | | |
|---|---|---|---|---|---|
| 2 | അനുപൂരക പോഷകാഹാരം | 2/27.10.21 | കൈരളി വള്ളിക്കുന്ന് | 18/15.6.21 | 109800 |
| | | | | 24/21.07.21 | 99600 |
| | | 4/17.11.21 | കൈരളി വള്ളിക്കുന്ന് | 32/16.10.21 | 60600 |
| | | 6/7.3.22 | കൈരളി വള്ളിക്കുന്ന് | 39/12.11.21 | 59535 |
| | | 8/7.3.22 | കൈരളി വള്ളിക്കുന്ന് | 49/18.01.22(part) | 9450 |
| | | | കൈരളി വള്ളിക്കുന്ന് | 49/18.01.22 | 54600 |
| | | | കൈരളി വള്ളിക്കുന്ന് | 44/16.12.22 | 42300 |

2). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത കുളിർമ ന്യൂട്രിമിക്സ് പരപ്പനങ്ങാടി, കൈരളി വള്ളിക്കുന്ന് എന്നീ സ്ഥാപനങ്ങളെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് /നിർവ്വഹണോദ്യോസ്ഥ കരാർ ചമച്ചിട്ടുമില്ല.

3). ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 തീയതിയിലെ ഐ.സി.ഡി.എസ് ബി3-312/10 നമ്പർ കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ വിതരണം ചെയ്ത ഭക്ഷണ സാധനത്തിന്റെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ 20.06.2022 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയ 271/A2/2019 /KSMMPM നമ്പർ കത്തിൽ കുളിർമ ന്യൂട്രിമിക്സ് പരപ്പനങ്ങാടി എന്ന സ്ഥാപനം വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾ സബ്സ്റ്റാൻഡേർഡ് ആയിരുന്നുവെന്നും 1.6.22 ലെ പരിശോധനയിൽ സ്റ്റാൻഡേർഡ് ആയതിനാൽ വിതരണം നടത്താം എന്നും അറിയിച്ചിട്ടുണ്ട്. മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

4) സ്റ്റോക്ക് രജിസ്റ്ററുകൾ ഇൻവോയ്സുമായി പൊരുത്തപ്പെടുന്നില്ല .

ഗ്രാമപഞ്ചായത്തിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്ത സ്ഥാപനങ്ങൾ സമർപ്പിച്ച ഇൻവോയ്സും അംഗനവാടി,ഐ.സി.ഡി.എസ്. സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ

| ക്രമ നം | ഭക്ഷ്യ വസ്തു/വിതരണം ചെയ്ത സ്ഥാപനം | ഇൻവോയിസ് നമ്പർ / തിയ്യതി | ഇൻവോയിസ് പ്രകാരം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 1 | വെളിച്ചെണ്ണ ,മാവേലി സ്റ്റോർ | 21689/20.12.21 | 296 KG | 592 KG |
| 2 | ന്യൂട്രിമാം, കുളിർമ ന്യൂട്രീമിക്സ് | 75/29.01.22 | 176 KG | 181 KG |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.15/29.10.22 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. വിതരണക്കാരിൽ നിന്നും TDS കണക്കാക്കി ഈടാക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഹോമിയോ മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ ( ആയുർവ്വേദ) നിർവ്വഹണോദ്യോഗസ്ഥനായ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം ഹോംകോക്ക് തുക കൈമാറിയിട്ടുണ്ട് എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ

| പ്രോജക്റ്റ് | ബിൽ നമ്പർ / ചെക്ക് | ചെലവഴിച്ച തുക | മരുന്ന് ലഭ്യമായത്/ഇൻവോയ്സ് നമ്പർ | ഇനിയും ലഭ്യമാക്കാൻ അവശേഷിക്കുന്നത് | ഫണ്ട് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | നമ്പർ | | | | |
| ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ 13/21-22 | 3/3011.21 | 200000 | 95043<br>LF 132/10.7.22 | 104957 | MG റോഡിതരം |
| | ആകെ | 200000 | 95043 | 1049657 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13.29.10.22 ന് മറുപടി ല്യമാക്കിയിട്ടില്ല. _മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 മരുന്ന് ലഭ്യമാക്കിയില്ല(പി എച്ച് സി)

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണോദ്യോഗസ്ഥനായ വിവിധ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട് എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | ബിൽ നമ്പർ / ചെക്ക് നമ്പർ | ചെലവഴിച്ച തുക | നൽകിയ സ്ഥാപനം | ഫണ്ട് |
|---|---|---|---|---|
| പി എച്ച് സിക്ക് മരുന്ന് വാങ്ങൽ 10/21-22 | 24/25.9.21 | 13447 | കെ.എം.എസ്.സി.എൽ | MG റോഡിതരം |
| | 37/9.12.21 | 255247 | കെ.എം.എസ്.സി.എല്ലെ.എം.എസ്.സി.എൽ | MG റോഡിതരം |
| | 42/15.2.21 | 31306 | കെ.എം.എസ്.സി.എൽ | MG റോഡിതരം |
| പി എച്ച് സിക്ക് മരുന്ന് വാങ്ങൽ 174/21-22 | 33/9.12.21 | 50000 | കെ.എം.എസ്.സി.എൽകെ.എം.എസ്.സി.എൽ | വികസന ഫണ്ട് |
| | 34/9.12.21 | 65939 | കെ.എം.എസ്.സി.എൽ | MG റോഡിതരം |
| | 35/9.12.21 | 121548 | കെ.എം.എസ്.സി.എൽ | MG റോഡിതരം |
| | 55/16.3.22 | 99964 | കാരുണ്യ ഫാർമസി തിരൂർ | MG റോഡിതരം |
| | 117263/16.12.21 | 100759 | കെ.എം.എസ്.സി.എൽ | തനത് ഫണ്ട് |
| പരിരക്ഷ പാലിയേറ്റീവ് കെയർ( 12/22) | 52/16.3.22 | 100000 | കെ.എം.എസ്.സി.എൽ | വികസന ഫണ്ട് |
| | ആകെ | 8,38,210 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/29.10.22 ന് നൽകിയ_മറുപടിയിൽ മരുന്ന് ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 കിഡ്നി രോഗികൾക്ക് സാമ്പത്തിക സഹായം -തുക വിനിയോഗിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട് : 205/22 കിഡ്നി രോഗികൾക്ക് സാമ്പത്തീക സഹായം

| ബിൽ നമ്പർ / ചെക്ക് നമ്പർ | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|
| 467971/24.3.22 | 52274 | തനത് ഫണ്ട് |
| 53/16.03.22 | 1726 | പ്ലാൻ ഫണ്ട് |
| ആകെ | 54000 | |

ജില്ലാ പഞ്ചായത്തിന്റെ കിഡ്നി രോഗികൾക്ക് സാമ്പത്തിക സഹായം എന്ന പദ്ധതിക്കായി തനത് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നും 54000 രൂപ പിൻവലിച്ച് ജില്ലാ പഞ്ചായത്തിന് നൽകിയെങ്കിലും ജില്ലാ പഞ്ചായത്ത് പ്രസ്തുത തുക സ്വീകരിക്കാത്തത് കാരണം എച്ച്.എം.സി അക്കൗണ്ടിൽ നിക്ഷേപിച്ച് 19.10.22 ന് 249838 നമ്പർ ചെക്ക് പ്രകാരം 52274 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ പ്ലാൻ ഫണ്ട് 1726 രൂപയുടെ വിനിയോഗ വിവരവും ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് പ്രസ്തുത തുക മടക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/29.10.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്ത് പരിധിയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ 399784/- രൂപ വിവിധ പ്രവൃത്തികൾക്കായി കെ. എസ്. ഇ. ബി യിൽ ചുവടെ ചേർക്കുന്ന പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./തീയതി | ചെലവഴിച്ച തുക (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ആകെ തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 83/21-22 വാർഡ് 1 സ്ട്രീറ്റ് മെയിൻ വലിക്കൽ | 22100741 തി.23/03/22 | 49914 (വെന്നിയൂർ) | 99828 |
| കെ.എസ്.ഇ.ബി | 83/21-22 വാർഡ് 2 സ്ട്രീറ്റ് മെയിൻ വലിക്കൽ | 22100742 തി.23/03/22 | 49914 (എടരിക്കോട്) | |
| കെ.എസ്.ഇ.ബി | 85/21-22 വാർഡ് 4 സ്ട്രീറ്റ് മെയിൻ വലിക്കൽ | 22100743 തി.23/03/22 | 299956 (എടരിക്കോട്) | 299956 |
| | ആകെ | | | 399784 |

മേൽ പ്രവൃത്തികളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു സമർപ്പിച്ച ഫയലിൽ ലഭ്യമല്ല. വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/28-10-2022-നു ലഭ്യമാക്കിയ മറുപടിയിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവു തുക 399784 രൂപ തടസത്തിൽ വെക്കുന്നു.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ വിനിയോഗ വിവരം/സാക്ഷ്യപത്രം ലഭ്യമല്ല.

| പദ്ധതി പേര്(നം.) | ചെലവ് തുക (വികസന ഫണ്ട്) | ബിൽ നം. തിയതി |
|---|---|---|
| ഐ കെ എമ്മിന് വിഹിതം(1/22) | 57788 | 11/21-22 തി.06.10.21 |
| പി എം എ വൈ പദ്ധതിക്ക് വിഹിതം നല്കൽ (8/22) | 210000 | 15/21-22 തി.31.12.21 |
| ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമാണം വിഹിതം നല്കൽ (202/22) | 250000 | 19/21-22 തി.28.2.22 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്നറിയിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/28-10-2022-ന ലഭ്യമാക്കിയ മറുപടിയിൽ കത്തു നല്കുന്നതുൾപ്പെടെ ഉചിതമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.ചെലവു തുക 517788 രൂപ തടസത്തിൽ വെക്കുന്നു.

## 1-25 മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ:അപാകതകൾ

പ്രോജക്റ്റ് :മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ
പ്രോജക്റ്റ് നമ്പർ. :28/22

നിർവ്വഹണം:വെറ്റിനറി സർജൻ

ചെലവ്: 2,30,000 രൂപ

90000 ബിൽനമ്പർ:04/21-22 തി.4-2-2022 , MG(NR)

140000, ബിൽനമ്പർ:05/21-22 തി.27-10-2021, വികസന ഫണ്ട്

പദ്ധതിയുടെ ഭാഗമായി മൃഗാശുപത്രിയിലേക്കാവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിന് കുറഞ്ഞ നിരക്ക് സമർപ്പിച്ച JJ ഫാർമ, നിലമ്പൂരിന്റെ ടെണ്ടർ ഭരണസമിതി തീരുമാനം 4(1)/19.11.2021 പ്രകാരം അംഗീകരിക്കുകയും, 22.11.2021 തീയ്യതി കത്ത് മുഖേനെ നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകുകയും ചെയ്യുകയുണ്ടായി. തുടർന്ന് ഇൻവോയ്സ് നമ്പർ J1522 തീയതി 8.12.2021 പ്രകാരം സ്ഥാപനം 2,30,000 രൂപ വിലവരുന്ന മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദ വിവരം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ഇൻവോയ്സ് നമ്പർ J1522 തീയതി 8.12.2021 പരിശോധിച്ചതിൽ ക്രമ നമ്പർ 27 പ്രകാരമുള്ള Fenzonex Bolus 1.5 ഗ്രാം മരുന്ന്, 4x750=3000എണ്ണം, (@80 X 750=67200 രൂപ , 12% GST ഉൾപ്പെടെ) സ്റ്റോക്കിലെടുത്തപ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ Fenzonex Bolus 125 എന്ന് തെറ്റായി രേഖപ്പെടുത്തിയതായും ഇൻവോയ്സ് നമ്പർ, തീയ്യതി, അളവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്താത്തതായും കണ്ടു. അതുപോലെ 8.12.2021 മുതൽ 24.3.2022 വരെയുള്ള ഇഷ്യൂ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
തുടർന്ന് നടത്തിയ ഭൗതിക പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്തതായി കാണിച്ചവ ഒഴികെയുള്ള 4x670=2680 എണ്ണത്തിന്റെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടു. എന്നാൽ മേൽ പറഞ്ഞ ഇൻവോയ്സിൽ കാണിച്ച ബാച്ച് നമ്പർ 7421022 ലുള്ള 38 ബോക്സ് (4x6x38=912 എണ്ണം) മാത്രമാണ് സ്റ്റോക്കിൽ ഉണ്ടായിരുന്നത്. ശേഷിക്കുന്ന 74 ബോക്സ് (4x6x74=1776 എണ്ണം) 7421029 എന്ന വ്യത്യസ്ത ബാച്ച് നമ്പറിലുള്ളതാണ്. കാലാവധിയിലും വ്യത്യാസമുണ്ട്. യഥാക്രമം ഓഗസ്റ്റ് 23, ഒക്ടോബർ 23.

2. 4-5-2022 ന് ശേഷം സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 80 Fenzonex Bolus ടാബ്ലെറ്റ് ( 2x4x10=80) വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും ഇഷ്യൂ റജിസ്റ്റർ (OP) പരിശോധിച്ചതിൽ നൂറിൽ കൂടുതൽ മരുന്നുകൾ വിതരണം ചെയ്തതായി കണ്ടു. സ്റ്റോക്ക്-വിതരണ വിവരങ്ങൾ തമ്മിൽ വ്യത്യാസം ഉണ്ട്.

3. മെയിൻ സ്റ്റോക്കിൽ നിന്നും വിതരണത്തിനെടുക്കുന്ന മരുന്നുകൾ സബ്സ്റ്റോക്ക് രജിസ്റ്ററിലേക്ക് മാറ്റാതെ നേരിട്ട് ഇഷ്യൂ ചെയ്യുന്നതായും പരിശോധനയിൽ ബോധ്യപ്പെട്ടു. ഇഷ്യൂ രജിസ്റ്ററിൽ മരുന്നുകളുടെ ബാലൻസ് വിവരം ലഭ്യമല്ലാത്തതിനാൽ മെയിൻ സ്റ്റോക്കിൽ നിന്നും ഇഷ്യൂ ചെയ്യുന്നതിനായി മാറ്റിയ മരുന്നുകളിൽ ഇഷ്യൂ ചെയ്യാൻ അവശേഷിക്കുന്നവയുടെ വിവരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ വ്യാപകമായ വെട്ടിത്തിരുത്തലും, മേലെഴുത്തും, വൈറ്റ്നർ ഉപയോഗിച്ച് മായ്ക്കലും നടത്തിയിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് അറിയിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/28-10-2022 ന ലഭ്യമാക്കിയ മറുപടിയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയതിൽ വന്ന ക്ലെറിക്കൽ പിശക് മൂലമാണ് ഇത്തരത്തിൽ സംഭവിച്ചത് എന്നും, ജോലിത്തിരക്കിനിടെ സമയം ലഭിക്കാത്തതിനാലാണ് ആയത് ശ്രദ്ധയിൽ പെടാൻ വൈകിയത് എന്നും അപാകതക തിരുത്തിയിട്ടുണ്ടെന്നും

ഭാവിയിൽ സ്റ്റോക്ക് രജിസ്റ്ററും സബ്സ്റ്റോക്ക് രജിസ്റ്ററും കൃത്യമായി പരിപാലിക്കാൻ വേണ്ട കർശന നിർദേശം നല്കിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. കൂടാതെ ബാച്ച് നമ്പറിലെ വ്യത്യാസം വിവിധ സ്ഥാപനങ്ങളിലേക്ക് ഒരേ സമയം വിതരണം ചെയ്യുന്നതിനിടെ മരുന്ന് നല്കിയ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും വന്ന വ്യത്യാസമാണെന്നും എല്ലാത്തിന്റെയും കാലാവധി പരിശോധിച്ചാണ് സ്റ്റോക്കിൽ എടുത്തതെന്നും വിശദീകരണം നല്കി. ഡിപാർട്ട്മെന്റ് നല്കിയ മരുന്ന് കൂടി ഉൾപ്പെടുത്തി വിതരണം ചെയ്തതിനാൽ ആണ് സ്റ്റോക്ക് വിതരണ വിവരങ്ങൾ തമ്മിലെ വ്യതിയാനം സംഭവിച്ചതെന്നും മറുപടിയിൽ വ്യക്തമാക്കി.
കുറ്റമറ്റ രീതിയിൽ സ്റ്റോക്ക് വിതരണ വിവരങ്ങൾ രേഖപ്പെടുത്താനും ആയത് യഥാസമയം മേൽപരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാനും നടപടി സ്വീകരിക്കേണ്ടതും, ഇക്കാര്യത്തിലെ വീഴ്ച ഓഡിറ്റ് ഗൗരവ പൂർവം വീക്ഷിക്കുന്നതുമാണ്.

## 1-26 ആസ്തി പരിപാലനം:രേഖകൾ ലഭ്യമാക്കേണ്ടതാണ്

പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിലെ ആസ്തി പരിപാലനം സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കണ്ടു.

1. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന റോഡ് രജിസ്റ്ററും റോഡ് കണക്റ്റിവിറ്റി മാപ്പും സൂക്ഷിച്ചിട്ടില്ല.

2.പഞ്ചായത്ത് ഡയറക്ടറുടെ 08/11/2018 ലെ C 2-15471/18 സർക്കുലറിലെ നിർദേശാനുസരണം എൽ.എസ്.ജി.ഡി അസിസ്റ്റന്റ്എഞ്ചിനീയർ കൺവീനറും പ്രസിഡണ്ട് അദ്ധ്യക്ഷനമായി ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

3. പദ്ധതി മാർഗരേഖ സ.ഉ (കൈ) നം .11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 ലെ ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന നിർദേശം പാലിച്ചിട്ടില്ല.

4. 20.01.2017 ലെ ജി.ഒ (ആർ.ടി) 166/2017 ആസ്തി മാനേജ്മെന്റ് മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ആസ്തി മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തി മാനേജ്മെന്റ് സ്ട്രാറ്റജിയും പ്ലാനും നടത്തേണ്ടതാണ്.ആയത് രൂപീകരിച്ചിട്ടില്ല.

5. ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ,വാർഷിക റിവ്യൂ എന്നിവ നടത്തിയിട്ടില്ല.

6. ആസ്തി രജിസ്റ്ററിൽ പി.എച്ച്.സി കോമ്പൗണ്ടിൽ രണ്ട് ക്വാർട്ടേഴ്സ് പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നിന്നുള്ള വരുമാനം സംബന്ധിച്ച വിശദ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിർമാണ ചെലവ്, അവസാന-മെയിന്റനൻസ് വിവരങ്ങൾ തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.
മേൽ വിഷയങ്ങൾ ഉന്നയിച്ച് നൽകിയ എൻക്വയറി നം. 01/21-10-2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ആസ്തി രജിസ്റ്റർ കാലിക മാക്കുന്നതാണെന്നും അറിയിച്ചു. നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി നിർവ്വഹണം - പുരോഗതി കൈവരിക്കുന്നതിൽ വീഴ്ച

പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി മാത്രമുള്ള പ്രവൃവൃത്തികൾ, ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തികൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിങ്ങനെ നാല് വിഭാഗം പ്രവൃത്തികൾ നിബന്ധനകൾക്ക് വിധേയമായി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ നിർവ്വഹിക്കാവുന്നതാണ്. തൻവർഷം ഈ പദ്ധതിയിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | എണ്ണം | മനുഷ്യദിനം | ചെലവ് |
|---|---|---|---|---|
| 1. | കനാൽ നിർമ്മാണം | ഇല്ല | - | - |
| 2. | കിണർ നിർമ്മാണം | 2 | 47 | 13912 |
| 3. | തോടുകളുടെ ആഴം കൂട്ടി ഭിത്തി സംരക്ഷണം | ഇല്ല | - | - |
| 4. | വനവൽക്കരണം | ഇല്ല | - | - |
| 5. | കോംപോസിറ്റ് & സോക് പിറ്റ് നിർമ്മാണം | 1 | 12 | 7578 |
| 6. | വെള്ളപ്പൊക്ക നിയന്ത്രണം | ഇല്ല | - | - |

| | | | | |
|---|---|---|---|---|
| 7. | പച്ചക്കറി , തീറ്റപ്പുൽ വളർത്തൽ | 2 | 254 | 75184 |
| 8. | ഭവന നിർമ്മാണം | 9 | 768 | 224652 |
| 9. | കോഴി കൂട് നിർമ്മാണം | ഇല്ല | - | - |
| 10. | ആട്ടിൻ കൂട് നിർമ്മാണം | 1 | 12 | 3552 |
| 11. | കാലിതൊഴുത്ത് നിർമ്മാണം | 3 | 65 | 19240 |
| 12. | മത്സ്യക്കുളം | 3 | 41 | 12136 |
| 13. | ഗ്രാമീണ റോഡുകൾ | ഇല്ല | - | - |
| 14. | മറ്റുള്ളവ | 33 | ലഭ്യമല്ല | 9424960 |
| ആകെ | | 54 | | 9781214 |

സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി മാത്രമുള്ള പ്രവൃത്തികളായ തൊഴുത്ത്, ആട്ടിൻ കൂട് മുതലായ പ്രൊജക്ടുൾ വളരെ കുറച്ച് എണ്ണം മാത്രമെ നിർവ്വഹിച്ചിട്ടുള്ളൂ. അതുപോലെ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികളായ ഗ്രാമീണ റോഡുകളുടെ നിർമ്മാണം, പുനരുദ്ധാരണം മുതലായ പ്രൊജക്ടുകൾ ഒന്നും തന്നെ നിർവ്വഹിച്ചിട്ടില്ല.തൻവർഷം നിർവ്വഹിച്ച തൊഴുത്ത് നിർമ്മാണ പ്രൊജക്ടുകൾ പരിശോധിച്ചതിൽ മൂന്ന് പ്രൊജക്ടുകളും ഭാഗികമായി നിർവ്വഹിച്ച് അവസാനിപ്പിച്ചതായാണ് കണ്ടത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ വിവരം | ഉൾപ്പെട്ട ഇനങ്ങൾ | നിർവ്വഹിച്ചത് | മൂല്യ നിർണ്ണയം |
|---|---|---|---|
| 1605011004/IF/519908<br>തൊഴുത്ത് നിർമ്മാണം ദേവകി<br>അടങ്കൽ -142103<br>പ്രവൃത്തി ആരംഭിച്ച തീയ്യതി- 15.6.21<br>പ്രവൃത്തി അവസാനിച്ച തീയ്യതി- 21.6,21 | 1. അടിത്തറക്കായി കിള എടുക്കൽ - 13m3<br>2. അടിത്തറയും തറയും പണിയൽ - 6.75m3<br>3-ചുമർ നിർമ്മാണം - 2.76 M3<br>4. നിലം കോൺക്രീറ്റ് ചെയ്യൽ- 2.2040m3<br>5. മേൽക്കൂരക്കായി സ്റ്റീൽ വർക്ക് - 190 Kg<br>6. G I ഷീറ്റുകൊണ്ട് മേൽക്കൂര നിർമ്മാണം - 41.44m2 | 1. 8.52m3<br>2. 4.65m3<br>3.നിർവ്വഹിച്ചിട്ടില്ല<br>4.നിർവ്വഹിച്ചിട്ടില്ല<br>5.നിർവ്വഹിച്ചിട്ടില്ല<br>6.നിർവ്വഹിച്ചിട്ടില്ല | 23743 |
| 1605011004/IF/518848<br>തൊഴുത്ത് നിർമ്മാണം മുജീബ്<br>അടങ്കൽ -135312<br>പ്രവൃത്തി ആരംഭിച്ച തീയ്യതി- 3.11.21<br>പ്രവൃത്തി അവസാനിച്ച തീയ്യതി- 9.11.21 | 1. അടിത്തറക്കായി കിള എടുക്കൽ - 17.616 M3<br>2. അടിത്തറയും തറയും പണിയൽ -13.878 M3<br>3-ചുമർ നിർമ്മാണം - 2.6080 M3<br>4. നിലം കോൺക്രീറ്റ് ചെയ്യൽ- 2.2040 M3<br>5. മേൽക്കൂരക്കായി സ്റ്റീൽ വർക്ക് - 120 Kg<br>6. G I ഷീറ്റുകൊണ്ട് മേൽക്കൂര നിർമ്മാണം - 39.96 M2 | 1. 4.95 M3<br>2. 12.13 M3<br>3.നിർവ്വഹിച്ചിട്ടില്ല<br>4.നിർവ്വഹിച്ചിട്ടില്ല<br>5.നിർവ്വഹിച്ചിട്ടില്ല<br>6.നിർവ്വഹിച്ചിട്ടില്ല | 63450 |
| 1605011004/IF/519906<br>തൊഴുത്ത് നിർമ്മാണം തങ്കമ്മ<br>അടങ്കൽ -140703<br>പ്രവൃത്തി ആരംഭിച്ച തീയ്യതി- 2.7.21<br>പ്രവൃത്തി അവസാനിച്ച തീയ്യതി- 15.7.21 | 1. അടിത്തറക്കായി കിള എടുക്കൽ - 12.767 M3<br>2. അടിത്തറയും തറയും പണിയൽ -9.368 M3<br>3-ചുമർ നിർമ്മാണം - 6.90 M3<br>4. നിലം കോൺക്രീറ്റ് ചെയ്യൽ- 1.938m3<br>5. മേൽക്കൂരക്കായി സ്റ്റീൽ വർക്ക് - 170 | 1. 8.45 M3<br>2. 11.25 M3<br>3.നിർവ്വഹിച്ചിട്ടില്ല<br>4.നിർവ്വഹിച്ചിട്ടില്ല<br>5.നിർവ്വഹിച്ചിട്ടില്ല<br>6.നിർവ്വഹിച്ചിട്ടില്ല | 63342 |

| | | | | |
|---|---|---|---|---|
| | Kg<br>6. G I ഷീറ്റുകൊണ്ട് മേൽക്കൂര നിർമ്മാണം - 37.52 M2 | | | |

10(1)/25.10.21 നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം സർക്കാറിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ലഭ്യമാകുന്ന ഫണ്ട്, ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾ തയ്യാറാക്കി പദ്ധതി ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിൽ ഭരണ സമിതി വിജയിച്ചിട്ടില്ല.

പദ്ധതി വിഹിതം, തനത് ഫണ്ട് എന്നീ വിഭവങ്ങൾക്കൊപ്പം എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി കൂടി ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അവസരം വേണ്ടത്ര ഉപയോഗപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന് സാധ്യമായിട്ടില്ല എന്ന് കാണുന്നു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-28 ഇ ടെണ്ടർ - ടെണ്ടർ ഫീ ഇനത്തൽ ലഭിക്കാനുള്ള 135706 രൂപ ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്ടുകളുടെ ബിഡ് സബ്മിഷൻ ഫീ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് 2021-22 വരെ ക്രെഡിറ്റ് ചെയ്തത്. GoR(t).3186/2017/LSGD തീയ്യതി 02.10.2017 പ്രകാരം ഇ-ടെണ്ടർ,ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിന് പഞ്ചായത്ത് അസി.എൻജിനീയർക്ക് എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിനുള്ള നിർദ്ദേശം, ഭരണസമിതി തീരുമാനം 3(1)/17.1.2022 എന്നിവയുടെ അടിസ്ഥാനത്തൽ ഇ ടെണ്ടറിനായി എസ്.ബി.ഐ യിൽ പുതിയ അക്കൗണ്ട് തുറന്നിട്ടുണ്ട്. നിലവിൽ ഈ അക്കൗണ്ടിലാണ് ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നത്. എന്നാൽ 2017 മുതൽ 2021 വരെ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക 135706 രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ 18.4.2022 ലെ AE/LSGD/PMKY/2022-23/03 നമ്പർ കത്ത് മുഖേനെ ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 അളവെടുത്തതിലെ ന്യൂനതകൾ മൂലം അധികച്ചെലവുണ്ടായി- ടോയ്‌ലറ്റ് ഉപയോഗിച്ചിട്ടില്ല.

പ്രൊജക്ട് : 151/22, കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് - ആയുർവ്വേദ ഡിസ്പെൻസറിക്ക് സമീപം

അടങ്കൽ : 699617 (639617 ശുചിത്വ മിഷൻ ഫണ്ട്, 60000 തനത് ഫണ്ട്)

TS No : 94645/2020-2021, DsoR 2016 COI 31.06.%

ചെലവ് : 576123ചെക്ക് നം. 467985/31.3.2022

കരാർ നം : 40/AE/LSGD/PMKY/2020-21/25.2.2021 (ആകെ.572934.69, ഇ.ആർ, ഐറ്റം റേറ്റ്)

കരാറുകാരൻ: ബഷീർ.പി

എംബുക്ക് നം: 88/2021-22

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ ടിജി ആന്റണിയുടെ സാന്നിധ്യത്തിൽ 28.10.2022 ന് പ്രൊജക്ട് ഭൗതിക പരിശോധന നടത്തിയതിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ നിന്നും വിഭിന്നമായാണ് ചില പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത് എന്ന് കണ്ടു. ഇതിന്റെ വിശദാംശങ്ങളും ഇതുമൂലം ഉണ്ടായ അധികച്ചെലവും കണക്കാക്കി 19/30-10-2022 നമ്പർ എൻക്വയറി നൽകുകയുണ്ടായി. തുടർന്ന് രശീതി നം.1220101436/02-11-2022, പ്രകാരം 1075/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ചടച്ചിട്ടുണ്ട്.

നാല് ടോയ്‌ലറ്റുകളുള്ള ഈ ടോയ്‌ലറ്റ് കോംപ്ലക്സ് ഒട്ടും ഉപയോഗിക്കാതെ വൃത്തിഹീനമായ അവസ്ഥയിലാണ്. ആവശ്യകത വിലയിരുത്താതെ നിർമ്മാണം നടത്തിയതാണ് ഇതിന് കാരണമെന്ന് വ്യക്തമാണ്. ഇതുമൂലം പ്രൊജക്ടിന് വേണ്ടി ചെലവ് ചെയ്ത മുഴുവൻ തുകയും പാഴ്ചെലവായിരിക്കുകയാണ്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-30 ദേശീയ പാതക്ക് സ്ഥലം വിട്ടു കൊടുത്തത് - ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല.

ദേശീയ പാതക്ക് സ്ഥലം വിട്ടു കൊടുത്തതുമായി ബന്ധപ്പെട്ട് 30.9.2021 ലെ 10(1) നമ്പർ തീരുമാനം അനുസരിച്ച് ഭരണ സമിതി താഴെ കൊടുത്ത തീരുമാനം എടുത്തിട്ടുണ്ട്.

"TIR-1696-നമ്പർ പ്രകാരം ദേശീയ പാത17 വീതി കൂട്ടുന്നതിന്റെ ഭാഗമായി പെരുമണ്ണ വില്ലേജ് ക്ലാരി ദേശത്തിലുൾപ്പെട്ടതും ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ളതുമായ ഭൂമി ഹൈവേക്ക് വിട്ട് നൽകുന്നത് സംബന്ധിച്ച് 04.08.2021 ലെ ഡെപ്യൂട്ടി കളക്ടർ എൽ.എ.എൻ.എച്ച് മലപ്പുറം കോമ്പിറ്റൻറ് അതോറിറ്റിയുടെ TIR-/1696 നമ്പർ കത്ത് ഭരണസമിതി പരിശോധിച്ച് ചർച്ച ചെയ്തു.കത്തിൽ ദേശീയപാത 17 വീതി കൂട്ടുന്നതിൻറെ ഭാഗമായി 1956ലെ ദേശീയപാത നിയമത്തിലെ 3ഡി(1) വകുപ്പനുസരിച്ച് കേന്ദ്രസർക്കാറിൻറെ SO.1648(e) Dated-23.04.2019, No.So.3491(E) Dated-13.07..20218 നമ്പർ ഗസറ്റ് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ളതും കേന്ദ്ര സർക്കാറിൽ നിക്ഷിപ്തമായിട്ടുള്ളതുമായ തിരൂർ താലൂക്ക് പെരുമണ്ണ വില്ലേജ് ക്ലാരി , ദേശത്തിലെ 177/1(new Survey Number 177/11), 177/2(new Survey No.177/13), 177/4a(new Survey No.177/15), 177/2(new Survey No.177/13), 0.0055 ഹെക്ടർ, 0.0017 ഹക്ടർ, 0.005 ഹെക്ടർ, 0.0027 ഹെക്ടർ ഭൂമിയും മറ്റ് ചമയങ്ങളും ഈ നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ വശം രേഖാമൂലം ഏൽപ്പിച്ച് കൊടുത്ത് ഭൂമിയിൽ നിന്ന് ഒഴിഞ്ഞ് പോകേണ്ടതാണെന്നും അപ്രകാരം ചെയ്യാത്ത പക്ഷം ഭൂമി വിട്ട് തരുന്ന നടപടി നടപ്പിലാക്കി കിട്ടുന്നതിന് ജില്ലാകളക്ടറുടെ ഉത്തരവ് പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും സെക്രട്ടറിയുടെ പേരിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള നഷ്ടപരിഹാര സംഖ്യ ദേശീയപാത അതോറിറ്റിയിൽ നിന്നും അനുവദിച്ച് കിട്ടിയിട്ടുള്ളതും സംബന്ധിച്ച ഡെപ്യൂട്ടി കലക്ടർ എൽ.എ.എൻ.എച്ച് മലപ്പുറം കോമ്പിറ്റൻറ് അതോറിറ്റി സമർപ്പിച്ച മേൽ കത്ത് ഭരണസമിതി പരിശോധിച്ച് ചർച്ച ചെയ്യുകയും ടി വിഷയത്തിൽ മേൽ സൂചിപ്പിച്ച സർവ്വേ നമ്പറുകളിലൂടെ ഉള്ള ഗ്രാമപഞ്ചായത്തിൻറെ ഭൂമി സംബന്ധിച്ച് തഹസിൽദാർ എൽ.എ.എൻ.എച്ച് -തിരൂർ എന്നിവരിൽ നിന്നും വാങ്ങി ആയത് LSGD വിഭാഗം പരിശോധിച്ച് ഉറപ്പ് വരുത്തി മേൽ സൂചിപ്പിച്ച സർവ്വേയിലുള്ള ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള ഭൂമി ദേശീയ പാത17 വീതികൂട്ടുന്നതിൻറെ ഭാഗമായി വിട്ട് കൊടുക്കുന്നതിന് യോഗം ഐകകണ്ഠേന തീരുമാനിച്ചു"

എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് വിട്ടുകൊടുത്ത ഭൂമിയുടെ അളവ്, ലഭ്യമായ നഷ്ടപരിഹാരം, ആയതിന്റെ വിനിയോഗം എന്നീ വിവരങ്ങൾ ഒന്നും തന്നെ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2022-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | മുൻ | ലഭിച്ച | പദ്ധതി പേര്,നം | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| സ്ഥാപനം | ബാക്കി | തുക | | തുക | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 297500 | പ്രോ.നം-30/2021-22 ഹരിത കേരളം | 297500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 300000 | പ്രോ.നം-45/2021-22 ഭിന്ന ശേഷി സ്കോളർഷിപ്പ് | 300000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരണ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വാർഡ്-1 സ്ട്രീറ്റ് മെയിൻ-83/21-22 | 22100741, 22100742 /23-03-22 | 99828 | - | UC ലഭ്യമായിട്ടില്ല | 99828 |
| | വാർഡ്-4 സ്ട്രീറ്റ് മെയിൻ-85/21-22 | 22100743/23-03-22 | 299956 | - | UC ലഭ്യമായിട്ടില്ല | 299956 |
| | -211/21-22 | 22100739/23-03-22 | 20041 | 20041 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 4085714 |
| തൻവർഷം നിക്ഷേപിച്ച തുക | 309900 |
| ആകെ | 4395614 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4395614 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| SBI, Edarikode | 266843 | 67395964058 |
| PSKCB | 4128771 | 0030130002151 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2020-21 | 1-23 | 6693 | ടിജി ആന്റണി, അസി.എഞ്ചിനിയർ | 121030102531 തീയതി 30-12-2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(1) | 2016-17 | അദ്ധ്യായം-2 അനുബന്ധം-5 | തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | നടപടി തുടരുന്നു |
| 2015-16 | 2(3) | 2016-17 | -ടി- | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2003-04 | 3-12,3-13(1),(2), 3-14(2),3-15 | ശ്രീ സി ജെ വർഗ്ഗീസ് , സെക്രട്ടറി | LF4520/spl.cell /sc5/09 Dt. 02.05.12 | 28255 | 28255 | അടവാക്കിയ വിവരം ലഭ്യമല്ല |
| 2 | 2008-09 2010-11 | 3-12 | ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | LF1957/spl.cell /C-SC/D1/13 Dt. 24.03.15 | 21,631 | 21,631 | അടവാക്കിയ വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62773303 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55283815 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 917572 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | - | - |
| ആകെ | - | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 399784 | ശ്രീ. പ്രഭാകരൻ പരി, സെക്രട്ടറി |
| 1-24 | 517788 | |
| ആകെ | 917572 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - | - | - |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.എം.15/69/06/17-7-2006 | 7 |
| 2002-03 | കെ.എസ്.എ.എം.പി.എം15/2026/22/01-10-2022 | 1 |
| 2003-04 | എൽ.എഫ്.എം.11/48/07/24-05-2008 | 10 |
| 2004-05 | കെ.എസ്.എ.എം.പി.എം15/2026/22(1) /01-10-2022 | 5 |
| 2005-06 | കെ.എസ്.എ.എം.പി.എം15/2524(2)/19/05-02-21 | 5 |
| 2006-07 | കെ.എസ്.എ.എം.പി.എം15/2026/22(2) /01-10-2022 | 1 |
| 2007-08 | എൽ.എഫ്.എം.15/1722/11/28-10-2011 | 12 |
| 2008-09 മുതൽ 2010-11വരെ | കെ.എസ്.എ.എം.പി.എം1515/2112/2019/18-10-19 | 5 |
| 2011-12, 2012-13 | എൽ.എഫ്.എം.15/7/2016 Dtd. 16.02.2016 | 10 |
| 2013-14, 14-15 | കെ.എ.എം.പി.എം.15/59/2020(1) Dtd. 05.02.2021 | 3 |
| 2015-16 | കെ.എ.എം.പി.എം.15/59/2020(2) Dtd. 05.02.2021 | 6 |
| 2016-17 | കെ.എസ്.എ എം.പി.എം 15/1851/2017 Dt. 30.04.2018 | 16 |
| 2017-18 | കെ.എസ്.എ എം.പി.എം 15/223/2019 Dt. 01.06.2019 | 10 |
| 2018-19 | കെ.എസ്.എ എം.പി.എം 15/6/2020 Dt. 24.04.2020 | 22 |
| 2019-20 | കെ.എസ്.എ എം.പി.എം 15/3/2022 /12.07.2022 | 8 |
| 2020-21 | കെ.എസ്.എ എം.പി.എം 15/4/2022/13.09.22 | 5 |

ഡെപ്യൂട്ടി ഡയറക്ടർ

എം.എ.12/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്